## പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം . 1082. 13/12/2012 - ലെ മറുപടിക്ക്

### ഹയർ സെക്കന്ററി അദ്ധ്യാപകരുടെ സ്ഥലം മാറ്റം

| ചോദ്യം<br>ശ്രീ. കെ. സുരേഷ് കുറുപ്പ് | ഉത്തരം<br>ശ്രീ. പി.. കെ. അബ്ദുറബ്ബ്.<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) ഹയർ സെക്കന്ററി അദ്ധ്യാപകരുടെ സ്ഥലംമാറ്റ മാനദണ്ഡങ്ങളിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) പരിശോധിച്ചു വരുകയാണ്. |
| (ബി) 2009 -ൽ അംഗീകരിച്ച മാനദണ്ഡങ്ങളിൽ കണ്ടെത്തിയ പോരായ്മകൾ എന്തെല്ലാം ; | (ബി) ഹയർ സെക്കന്ററി അദ്ധ്യാപക തസ്തികയിലെ നിയമനം സംസ്ഥാന തലത്തിലായതിനാൽ മലബാർ മേഖലയിലും വടക്കൻ മേഖലയിലും ജോലി ലഭിച്ചവർ വിരമിക്കുന്നതു വരെ അവിടെത്തന്നെ ജോലി ചെയ്യേണ്ട സ്ഥിതി വരുന്നു. |
| (സി) ജീവനക്കാർക്ക് സ്ഥലം മാറ്റത്തിന് ഓൺലൈൻ സംവിധാനം നിലവിലുണ്ടോ ; ഇല്ലെങ്കിൽ പ്രസ്തുത സംവിധാനം നിർത്തിവയ്ക്കാൻ കാരണമെന്തെന്ന് വ്യക്തമാക്കുമോ ; | (സി) ഉണ്ട്. |

(ഡി) പ്രത്യേക ഉത്തരവ് വഴി സ്ഥലം മാറ്റം നടത്തുന്നുണ്ടോ?

(ഡി) പ്രിൻസിപ്പൽ നിയമനം മൂലം പുറത്തു പോകേണ്ടി വരുന്ന അദ്ധ്യാപകർക്കും പ്രത്യേക പരിഗണന അർഹിക്കുന്ന അപേക്ഷകർക്കും അവരുടെ അപേക്ഷയുടെ യോഗ്യതയ്ക്കനുസരിച്ച് നിലവിൽ ഒഴിവുള്ള സ്ഥലങ്ങളിൽ ട്രാൻസ്ഫർ നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.